# 2019-ലെ സി.വി. കുഞ്ഞുരാമൻ സാഹിത്യ പുരസ്കാരം നേടിയ
# ശ്രീമതി സുഗതകുമാരിക്കു സമർപ്പിക്കുന്ന

# പ്രശസ്തിപത്രം

വർത്തമാന മലയാളകവിതയിലെ ഏറ്റവും ശ്രദ്ധേയമായൊരു ശബ്ദത്തിനുടമയാണ് ശ്രീമതി സുഗതകുമാരി. കഴിഞ്ഞ ആറു പതിറ്റാണ്ടിലേറെയായി ആ കവിശബ്ദം മലയാളക്കരയുടേതു മാത്രമല്ല, ഇന്ത്യാരാജ്യത്തിന്റെ ആകെത്തന്നെ പ്രജ്ഞയേയും രസാനുഭൂതിയേയും തഴുകിയുണർത്തി സത്യങ്ങളിലേക്കും അപ്രിയസത്യങ്ങളിലേക്കും വിരൽചൂണ്ടിക്കാട്ടുന്നു. അങ്ങനെ കവി ഉറങ്ങാതിരിക്കുകയും സമൂഹത്തെയാകെ ഉറങ്ങാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നു.

ഓരോ കവിയും സ്വന്തവും സ്വതന്ത്രവുമായ സർഗസരണികളിലൂടെയാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യജീവിതത്തിലെ വ്യാകുലതകളും ആശങ്കകളും നല്ലവാക്കോതി ലഘൂകരിച്ചുകൊണ്ടിരിക്കുകയാണ് കവി സുഗതകുമാരി. വാക്കുകളെ കർമ്മമണ്ഡലവുമായി സമന്വയിക്കുന്നതിൽ ശ്രദ്ധിക്കുകയും വിജയിക്കുകയും ചെയ്യുന്നത് സമൂഹം തിരിച്ചറിയുന്നുണ്ട്. ഒഎൻവി വിശേഷിപ്പിച്ചതുപോലെ സുഗതകുമാരിയുടെ കവിത സത്യസൗന്ദര്യങ്ങളുടെ വാഗർത്ഥശില്പങ്ങളാണ്.

ഇരുപതോളം സമാഹാരങ്ങളിലായി ആയിരത്തിൽപരം കവിതകൾ ഇതിനകം തന്നെ സുഗതകുമാരി സഹൃദയസമക്ഷം സമർപ്പിച്ചു കഴിഞ്ഞിരിക്കുന്നു. പരിസ്ഥിതി, പ്രണയം, ഭക്തി, സാമൂഹ്യവിമർശനം എന്നിങ്ങനെ വിഷയവൈവിധ്യം കൊണ്ട് സുഗതകുമാരിക്കവിത ശബളാഭമായിത്തീർന്നിരിക്കുന്നു. സാഹിത്യഅക്കാദമി പുരസ്കാരങ്ങൾ, വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ സുഗതകുമാരി ഏറ്റുവാങ്ങിയിട്ടുണ്ട്. ഈ വർഷത്തെ സി.വി. കുഞ്ഞുരാമൻ സാഹിത്യ പുരസ്കാരം ശ്രീമതി സുഗതകുമാരിക്ക് സമർപ്പിക്കുന്നതിൽ ഞങ്ങൾക്ക് അഭിമാനവും സന്തോഷവുമുണ്ട്.

കേരളകൗമുദി സ്ഥാപകനും പത്രാധിപശ്രേഷ്ഠനും നവോത്ഥാനനായകനും കവിയും ശൈലീവല്ലഭനായ ഗദ്യകാരനുമായിരുന്ന സി.വി. കുഞ്ഞുരാമന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള സാഹിത്യപുരസ്കാരം സ്നേഹപൂർവ്വം ശ്രീമതി സുഗതകുമാരിക്ക് സമർപ്പിക്കുന്നു.

ഭാവികവിതയിലെ ജനപ്രിയ ശബ്ദമായി സുഗതകുമാരിയുടെ രചനകൾ പരിലസിക്കട്ടെ എന്നാശംസിക്കുന്നു. എഴുത്തുവഴിയിലെ ആ പ്രകാശഗോപുരം എക്കാലവും ജ്വലിച്ചുകൊണ്ടിരിക്കുമെന്നു വിശ്വസിക്കുന്നു.

എം. മുകുന്ദൻ
അദ്ധ്യക്ഷൻ

ഹാഷിം രാജൻ
കാര്യദർശി

**സി.വി. കുഞ്ഞുരാമൻ ഫൗണ്ടേഷൻ**
**തിരുവനന്തപുരം**
10 ഏപ്രിൽ 2019

C V Puraskaram